"മയിലായ് പറന്നു വാ മഴവില്ല് തോല്കുമെന്നഴകേ" എന്ന വിഖ്യാത ഗാനത്തിന് നടനചാരുതി നല്കിയ ഒരു പോസ്റ്റ്, ടാലന്റഡ് ബാങ്കേഴ്സ് പേജിൽ സഹൃദയ ശ്രദ്ധ ഏറെ നേടുകയുണ്ടായി. 2021 ജൂലായ് 18 ന് നമ്മെയേവരേയും ആഹ്ലാദ ചിത്തരാക്കിയ പ്രസ്തുത പോസ്റ്റിലെ നർത്തകി ആ കാലത്ത് ടീ ബി നടത്തിയിരുന്ന ഓൺലൈൻ സർഗ്ഗാവിഷ്കാര പരിപാടികളിൽ സജീവ സാന്നിദ്ധ്യവുമായിരുന്നു.

അക്കാലത്തു തന്നെ ആ നർത്തകിയെ ആഴ്ചയിലെ ടീ ബി ദളമായി അവതരിപ്പിക്കുവാൻ തുടങ്ങിയ ഞങ്ങളുടെ ശ്രമം പൂവണിയുകയാണ് ഇന്ന് ഈ ദളത്തിലൂടെ.

ഒരു ഇടവേളക്കു ശേഷം നമ്മുടെ ടീ ബി പേജിൽ നടന വൈഭവത്തിന്റെ പുതുഭാവങ്ങളുമായി വീണ്ടും വന്നു ചേർന്ന പ്രതിഭയാണിന്നിന്റെ താരം.

സാഭിമാനം പരിചയപ്പെടുത്തുന്നു-

ഐശ്വര്യ കെ. കെ
(ഐശ്വര്യ രജിത്)
യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ,
റീട്ടയിൽ ലോൺ പോയിന്റ്, തൃശൂർ.

"സ്ക്കൂൾ വാർഷികങ്ങളിലും നാട്ടിലെ വിശേഷാവസരങ്ങളിലും ചെറിയ കലാപരിപാടികളിൽ പങ്കെടുത്തിരുന്നതൊഴിച്ചാൽ ബിരുദ പഠനം വരെ കലാമത്സരങ്ങളിലൊന്നും തന്നെ ഞാനുണ്ടായിരുന്നില്ല. പഠനത്തിൽ മാത്രം ശ്രദ്ധിച്ചിരുന്ന കാലമായിരുന്നു"
തന്റെ കലാസപര്യയുടെ തുടക്കം ബിരുദ പഠനത്തിനിടയിലായിരുന്നു- അതൊരു കഥയാണ്.

കണ്ണൂർ ജില്ലയിൽ ഇരിക്കൂറിൽ ശ്രീ. കെ.കെ.ദേവദാസൻ - ശ്രീമതി എം. ടി. സിന്ധു ദമ്പതികളുടെ രണ്ടുമക്കളിൽ ആദ്യജാതയാണ് ഐശ്വര്യ. ഇളയയാൾ കെ. കെ. ചൈതന്യ. നാട്ടിൽ ചെറുകിട ഷോപ്പുടമയായ പിതാവും ഗൃഹഭരണത്തിനിടയിലും മികച്ചരീതിയിൽ തുന്നൽ വൈദഗ്ദ്യം നേടിയ അമ്മയും ചേർന്ന് ചൈതന്യമാക്കിയ കുടുംബം. അനിയത്തി തന്നേക്കാൾ പതിനൊന്നു വയസ്സിനിളയ കുട്ടിയാണ്. തന്റെ ബിരുദ പഠനകാലത്ത് ചൈതന്യയെ നൃത്തപഠനത്തിനു ചേർത്തു. ഭരതനാട്യം ഗുരു ശ്രീമതി ഷീല ബാബുവിന്റെ കീഴിൽ. നൃത്തക്ലാസ്സുകളിൽ നിന്ന് രക്ഷനേടാൻ ഉപായങ്ങളോരോന്നുമായി കളി ചിരിയുമായി ചൈതന്യയും. ടീച്ചറുടെ ശ്രമങ്ങൾ കണ്ട് നൃത്തത്തിൽ താനറിയാതെ താത്പര്യമേറി വന്ന സമയം. കുഞ്ഞു ചൈതന്യയുടെ 'നിസ്സഹകരണ'ത്തിൽ ഗുരുവിനെ നിരാശപ്പെടുത്തുന്നതിലുള്ള വിഷമം അമ്മയോടു പറഞ്ഞു. ചൈതന്യക്കു പകരം താൻ പഠിച്ചു കൊള്ളാം. അമ്മ ആ തീരുമാനം സന്തോഷത്തോടെ ഉൾക്കൊണ്ടു. അങ്ങിനെ കോളേജ് പഠനത്തിനിടയിൽ ഭരതനാട്യം അരങ്ങേറ്റം കുറിക്കാനായി. അന്നത്തെ കുഞ്ഞു ചൈതന്യ ഇപ്പോൾ ബിരുദാന്തര ബിരുദ വിദ്യാർത്ഥിനിയാണ്. "അന്നത്തെ അവളുടെ കുഞ്ഞു കുസൃതികളെ കളിയാക്കാൻ കിട്ടുന്ന അവസരങ്ങളൊന്നും

ഞാനും അമ്മയും പാഴാക്കാറില്ല. ചൈതന്യയും അമ്മയും ഞാനും ചേർന്ന് നൃത്തച്ചുവടുകൾ വയ്ക്കാറുണ്ടിപ്പോൾ, അവസരം കിട്ടുമ്പോഴൊക്കെ"- താൻ നർത്തകിയായതിന്റെ കഥ പറയുമ്പോൾ ആഹ്ലാദം അല തല്ലിയിരുന്നു, ഐശ്വര്യയുടെ വാക്കുകളിൽ.

ചൂലിയാട് ദേശമിത്രം UPS, പട്ടാന്നൂർ KPCHSS എന്നിവിടങ്ങളിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം. ഉപരി പഠനം മട്ടന്നൂർ പഴശ്ശിരാജ NSS കോളേജിലും. ബി.കോം ബിരുദം നേടിയശേഷം ബാങ്ക് കോച്ചിംഗിൽ സജീവമായി പങ്കെടുത്തു. തുടർച്ചയായി വന്നു ചേർന്ന രണ്ട് അവസരങ്ങളിലൂടെ താൻ ബാങ്കറായി മാറുകയായിരുന്നു.
2011 ൽ ആദ്യനിയമനം ക്ലറിക്കൽ കേഡറിൽ പഞ്ചാബ് നാഷണൽ ബാങ്കിലും അതിനെ തുടർന്ന് ആറു മാസത്തിനുള്ളിൽ IBPS Probationary Officer Recruitment ടെസ്റ്റിലൂടെ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽ ഓഫീസർ കേഡറിൽ നിയമനവും നേടി. 2012 ൽ ഓഫീസറായി UBI മട്ടന്നൂർ ബ്രാഞ്ചിലായിരുന്നു ആദ്യനിയമനം. തുടർന്ന് ഇരിട്ടി, കണ്ണൂർ ചൊവ്വ ബ്രാഞ്ചുകളിൽ സേവനമനുഷ്ഠിച്ച
ശേഷം UBI തൃശൂർ ബ്രാഞ്ചിലേക്ക് സ്ഥലം മാറ്റം ലഭിച്ചു. ഇപ്പോൾ തൃശൂർ റീട്ടയിൽ ലോൺ പോയിന്റിൽ പ്രവർത്തിക്കുന്നു.

2013 ൽ ശ്രീ. കെ. രജിത് രാജ് ന്റെ ജീവിതസഖാവായി. മോട്ടോർ വാഹന ഡിപ്പാർട്മെന്റിൽ ഉദ്യോഗസ്ഥനാണ്
ശ്രീ. രജിത്. ഏഴു വയസ്സുകാരൻ ദർശകും ചേർന്ന കുടുംബം ഐശ്വര്യയുടെ കലാസപര്യയുടെ തണലായി മാറുന്നു.
അമ്മ സിന്ധുവും രജിതിന്റെ മാതാവ് ശ്രീമതി റീത്തയും ദർശകിനെ ചേർത്തു പിടിച്ചു കൊണ്ട് തനിക്ക് നല്കുന്ന പിന്തുണയും വിലപ്പെട്ടതാണ്.

യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ കോഴിക്കോട് കേന്ദ്രമായ സ്റ്റാഫ് റിക്രിയേഷർ ക്ലബ്ബിന്റെ കലോത്സവമായ "സാറ്റർണിലിയ"യും UBI ഓഫീസേഴ്സ് അസോസിയേഷൻ വാർഷികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന "ധ്യുതി" കലോത്സവത്തിലും തന്റെ നൃത്താഭിമുഖ്യം പ്രകടമാക്കുവാൻ അവസരങ്ങൾ കൈവന്നു. സംഘനൃത്തങ്ങളിൽ പങ്കെടുക്കുമ്പോൾ കിട്ടുന്ന അഭിനന്ദനങ്ങളും പ്രോത്സാഹനങ്ങളും രജിത് നല്കുന്ന സ്നേഹമന്ത്രണങ്ങളും തുണയായി. ദർശകിന് രണ്ടു വയസ്സു കഴിഞ്ഞപ്പോൾ വീണ്ടും നൃത്തപഠനത്തിനു ചേർന്നുവെങ്കിലും തുടരാനായില്ല. 2020 ലാണ് ഭരതനാട്യം തുടർ പഠനം സാദ്ധ്യമായത്. മട്ടന്നൂർ ഭരതശ്രീ കലാക്ഷേത്രത്തിലെ ഗുരു ശ്രീമതി രസിന പദ്മനാഭന്റെ ശിക്ഷണം ഈ അവസരതിൽ വിലപ്പെട്ടതായി.
ക്രമേണെ കുച്ചിപ്പുടിയിലും ചുവടു വച്ചു.
കോവിഡ് കാലത്ത് കുച്ചിപ്പുടിയിൽ ഓൺലൈൻ ക്ലാസ്സുകളിലൂടെ ചുവടുകളുറച്ചു.

കഴിഞ്ഞ വിജയ ദശമിയിൽ മോഹിനിയാട്ട പരിശീലനത്തിനും തുടക്കമായി.

ബാങ്ക് ജോലിയും സർഗ്ഗസപര്യയും തുലനം ചെയ്തു മുന്നേറുവാൻ കുടുംബവും ബാങ്ക് കൂട്ടായ്മയും പിന്തുണയും പ്രോത്സാഹനവുമായി ഒപ്പമുള്ളതാണ് തന്റെ

പിൻബലം- ഐശ്വര്യയുടെ സന്തോഷം തുടിക്കുന്ന വാക്കുകൾ.

ഐശ്വര്യയുടെ സഹപ്രവർത്തകനും ടാലന്റഡ് ബാങ്കേഴ്സ് കൂട്ടായ്മയുടെ മുൻകാല ദളവും എഡിറ്റോറിയൽ ബോർഡ് അംഗവുമായ വി.കെ.ആദർശ് നല്കിയ ശ്രദ്ധേയമായ ഒരു കുറിപ്പ് കൂടി ചേർത്താലെ ഈ ദളം പൂർണ്ണമാകൂ.

ആദർശ് എഴുതുന്നു-

"ഐശ്വര്യ യുടെ നൃത്തത്തിന്റെ വീഡിയോ പതിവായി വാട്ട്സാപ്പ് സ്റ്റാറ്റസായി കാണാറുണ്ട്. സാധാരണഗതിയിൽ ഒന്നുകിൽ പ്രഫഷനായി അല്ലെങ്കിൽ സ്കൂൾ കോളെജ് കാല മത്സരങ്ങൾക്ക്, ഇതൊക്കെയാണ് നൃത്തപഠനത്തിന്റെ ഉദ്ദേശം.

എന്നാൽ ഐശ്വര്യ ഇതു രണ്ടുമല്ല പതിവായി തന്നെ നൃത്തം കൂടെ കൂട്ടിയാണ് മുന്നോട്ട് പോകുന്നത്.

നൃത്തത്തിന്റെ വേഷഭൂഷാദികൾ ഇല്ലാതെ തന്നെ എടുക്കുന്ന വീഡിയോ കാഴ്ചയ്ക്ക് ഇമ്പമുണ്ടാക്കുന്നെങ്കിൽ അത് അത്ര ആത്മാർത്ഥമായും കൃത്യതയോടെയും ഒരു സാധന എന്ന പോലെ മുന്നോട്ട് കൊണ്ട് പോകുന്നത് കൊണ്ട് തന്നെയാണ്.

യൂണിയൻ ബാങ്ക് കുടുംബമേളകളിൽ ഐശ്വര്യയുടെ നൃത്ത ഇനത്തെ ഞങ്ങൾ കാണുന്നത് ഒരു ആർട്സ് പ്രഫഷണലിന്റെ പ്രകടനമായി തന്നെയാണ്,
ഒരു പക്ഷെ മുഴുവൻ സമയം ഇതിനായി നീക്കിവച്ചെങ്കിൽ നിശ്ചയമായും ഒരു ബാങ്കറെ നമുക്ക് നഷ്ടപ്പെടുമായിരുന്നു, പക്ഷെ നാടിന് പെരുമയുള്ള ഒരു കലാകാരിയെ മറുവശത്ത് ലഭിച്ചേനെ. പ്രതിഭയുടെ പ്രതിരൂപമാണ് ഐശ്വര്യ എന്ന് പറയാൻ മടിയില്ല".

കുച്ചിപ്പുടിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ട് തന്റെ സർഗ്ഗ സപര്യക്ക് പുതുമാനങ്ങൾ രചിക്കുവാനുള്ള ശ്രമത്തിലാണ് ഐശ്വര്യയിപ്പോൾ.

ഐശ്വര്യക്കും കുടുംബത്തിനും മേടമാസത്തിന്റെ വിശേഷാൽ ആശംസകൾ നേർന്നു കൊണ്ട്

ടാലന്റഡ് ബാങ്കേഴ്സ്.

---

തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി
&
ആദർശ് വി കെ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, Saral Lite (MSME Hub) Head, Kozhikode

English version: Drisya Saseendran , Union Bank of India, Regional Office, Udupi

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC, പത്തനംതിട്ട

--------------------------------------------------------------------------------------------------

A post which found it's place on the Talented Banker's page; a video wherein the famous song "Mayilai Parannu vaa mazhavillu tholkumennazhake" was danced to with elegant moves beguiled the viewers.The dancer in the said post, who ecstaticized us all, was an active participant in the creative programs hosted online by TB at that time.

Our efforts to acquaint you with that dancer since the days thereon hereby comes to fruition today.

Let's put our spotlight on some one who after a phase of inactivity, has made her presence again on TB facebook page with the inventive disposition of her dancing skills.

Aishwarya K. K
(Aishwarya Rejith)
Union Bank of India,
Retail Loan Point, Thrissur.

"I never used to participate in any art competition until my graduation, except in small art programs hosted during school anniversaries and special occasions at my native. My focus had always been on studies back then.The beginning of my artistic endeavors was during the course of my undergraduate studies"-Aishwarya threw light on her artistic journey.

Aishwarya was born as the elder child of the two daughters of the couple K.K Devadasan,a shop keeper and Mrs M.T Sindhu,a home maker with exceptional sewing skills, at Irikkur in Kannur district. She has a sister, Chaithanya, who is 11 years younger than her.

Chaithanya was enrolled to learn Bharatanatyam under the tutelage of Mrs. Sheela Babu when Aishwarya was pursuing her undergraduate course. Having felt untoward about Chaithanya disappointing her Guru by coming up with excuses to skip dance classes , Aishwarya made up her mind to learn Bharatanatyam and shared her decision with her mother which she happily accepted. That's how she performed Bharatanatyam while at college, being a debutant. Chaithanya is now an undergraduate student.

"I and my mom never miss an opportunity to make fun of her mischievousness during those days. All three of us dance together whenever we get a chance'' - Aishwarya beamed with happiness when she shared the story of her becoming a dancer.

Aishwarya had her schooling in Deshamitram UPS Chooliyad and KPCHSS Pattannur and higher studies at Pazassiraja NSS College, Mattannur.After earning a graduation in B.Com, Aishwarya enrolled for bank coaching classes and she got through successfully, with two opportunities coming to her in succession.

She got her first appointment in Punjab National Bank in clerical cadre in the year 2011 and within six months, she got appointed in Union Bank of India in the officer cadre where she was posted as an officer in the Mattanoor branch of the bank in 2012. She later got transferred to Iritty and Chovva branches and then to Thrissur EAB and Retail Loan Point, Thrissur where she is currently working.

She got married in 2013,to Mr. K Rejith Raj, who is an Officer in Motor Vehicles Department. The couple has a seven-year-old son, Darshak. Aishwarya shares that the support rendered by her family in her pursuits is priceless.

Aishwarya has had opportunities to showcase and hone her dancing skills through “Saturnalia", the art festival hosted by Union Bank of India Staff Recreation Club ,Kozhikode and “Dyuthi'' ,the cultural extravaganza organized by the UBI Officers Association annually.

The compliments she got while participating in group dance and incessant encouragement of Mr Rejith keeps her endeavours alive. Aishwarya resumed learning dance when Darshak was two years old, but could not further it. However what she dreamt of, came true in 2020 and she has been learning Bharatanatyam under the tutelage of Srimati Rasina Padmanabhan, who is the Guru of Bharathashree Kalakshetra, Mattannoor, since then.

She started learning kuchupudi during covid times and Mohiniyattam during Vijaya Dashami day, last year. Aishwarya has been able to strike work life balance thanks to the support of her family.

The words of Mr Adarsh, the editorial board member of the Talented Bankers and Aishwarya's colleague who has already been featured through this column as a talented banker goes as follows.

"Aishwarya's dance video is often seen being uploaded as WhatsApp status. People learn dance either for the sake of their profession as a dancer or to participate at school and college level competitions. But unlike others, Aishwarya pursues it out of passion.If the videos uploaded without the charm of dance costumes appeals to the viewers, it means that she pursues dance sincerely and dedicatedly.We perceive Aishwarya's dance performance at Union Bank Kudumba Melas as the performance of a professional. Had she devoted her whole time to this, we would have lost a banker, but on the other hand we would have gained an artiste who would have brought recognition to our nation. I am not reluctant to admit that Aishwarya is emblematic of talent".

Aishwarya is currently in her pursuit to explore novel levels of the art of Kuchupudi.

Talented Bankers wishes Aishwarya and her family all the best in the days to come